പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4000 — 25.06.2018-ൽ മറുപടിയ്ക്ക്

## കണ്ണൂർ ജില്ലയിലെ ഊരുകളിൽ ഹാംലെറ്റ് വികസന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഇ.പി.ജയരാജൻ | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| ചോദ്യം | | മറുപടി | |
| എ) | പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് നടപ്പിലാക്കുന്ന ഹാംലെറ്റ് വികസന പദ്ധതിയുടെ കീഴിൽ കണ്ണൂർ ജില്ലയിലെ ഏതെല്ലാം ഊരുകൾ തെരഞ്ഞെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | എ) | പട്ടികവർഗ്ഗ ക്ഷേമവകുപ്പ് നടപ്പിലാക്കുന്ന ഹാംലെറ്റ് വികസന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ താഴെ പറയുന്ന കോളനികളെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.<br>**2013-14**<br>1. വാതിൽമട കോളനി<br>2. കണ്ണവം കോളനി<br>**2014-15**<br>1. കോട്ടയം തട്ട് കോളനി<br>2. വളയഞ്ചാൽ കോളനി<br>3. ചെക്യേരി കോളനി |
| ബി) | പ്രസ്തുത ഊരുകളിലെ ഊരുകൂട്ടം കൂടി അംഗീകരിച്ച പദ്ധതികൾക്കെല്ലാം ഭരണാനുമതി നൽകുകയുണ്ടായോ ; | ബി) | ഊരുകൂട്ടം അംഗീകരിച്ച എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടില്ല. |
| സി) | ഹാംലെറ്റ് വികസനപദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ എല്ലാ ഊരുകളിലും ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തനപുരോഗതി ലഭ്യമാക്കുമോ? | സി) | വിശദാംശം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

നമ്പർ എ3-12300/18

അനുബന്ധം

*ഹാംലെറ്റ് പദ്ധതി 2013-14.*

*എ) വാതിൽമട കോളനി*

| *ക്രമ നം.* | *പദ്ധതി* | *റിമാർക്സ്* |
|---|---|---|
| 1. | ഭവനനവീകരണം | 16 ഗുണഭോക്താക്കൾ-പൂർത്തീകരിച്ചിട്ടില്ല. |
| 2. | കിണർ റിപ്പയർ | പണി പൂർത്തീകരിച്ചിട്ടില്ല |
| 3. | പൊതുകിണർ നിർമ്മാണം | പൂർത്തീകരിച്ചിട്ടില്ല. |
| 4. | ശ്മശാന നിർമ്മാണം, ശ്മശാനത്തിന് ചുറ്റുമതിൽ. | പൂർത്തീകരിച്ചിട്ടില്ല. |
| 5. | കമ്മ്യൂണിറ്റി ഹാൾ പുനരുദ്ധാരണം | പൂർത്തീകരിച്ചിട്ടില്ല. |
| 6. | കുഴൽകിണർ നിർമ്മാണം | ആകെ 4 എണ്ണം അനുവദിച്ചതിൽ 2 എണ്ണം കുഴിച്ചു. |
| 7. | വായനശാല കെട്ടിടം നവീകരണം | പൂർത്തീകരിച്ചിട്ടില്ല. |
| 8. | കോളനിയിലെ ഗ്രൗണ്ട് നവീകരണവും ഓപ്പൺ സ്റ്റേജ് ചുറ്റുമതിൽ നിർമ്മാണവും. | പൂർത്തീകരിച്ചിട്ടില്ല. |
| 9. | വീരഭദ്രസ്വാമി ക്ഷേത്രം നവീകരണം | പൂർത്തീകരിച്ചിട്ടില്ല. |
| 10. | കുടുംബശ്രീ യൂണിറ്റിന് കെട്ടിടം. | പണി തുടങ്ങിയിട്ടില്ല. |
| 11. | കക്കൂസ് നിർമ്മാണം | പണി തുടങ്ങിയിട്ടില്ല. |

*ബി) കണ്ണവം കോളനി.*

| *ക്രമ നം.* | *പദ്ധതി* | *റിമാർക്സ്* |
|---|---|---|
| 1. | വായോട്ട്കാവ് കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു. |
| 2. | കണ്ണവം ഖാദി ജംഗ്ഷൻ മുതൽ അറയ്ക്കൽ കോളനി വരെയുള്ള റോഡ് നിർമ്മണവും കലുങ്ക് നിർമ്മാണവും. | മൺ റോഡ് നിർമ്മാണം പൂർത്തിയായെങ്കിലും തുടർപ്രവർത്തനം നടത്തുന്നതിന് മുമ്പ് ഒരു ഗുണഭോക്താവ് തന്റെ സ്ഥലത്ത് കൂടിയാണ് റോഡ് കടന്നുപോവുന്നത് എന്ന തടസ്സവാദം ഉന്നയിക്കുകയും ജെ.സി.ബി ഉപയോഗിച്ച് റോഡിൽ വലിയ കുഴികൾ ഉണ്ടാക്കി റോഡ് ഉപയോഗശൂന്യമാക്കുകയും ചെയ്തു. തർക്കം സംബന്ധിച്ച് നിലവിൽ കോടതിയിൽ സിവിൽ കേസ് നിലനിൽക്കുന്നുണ്ട്. ഇതിൽ തീരുമാനമായ ശേഷം മാത്രമേ തുടർനടപടി സാധ്യമാവൂ. |
| 3. | ആയുർവ്വേദ ഹോസ്പിറ്റലിന് അനുബന്ധ കെട്ടിട നിർമ്മാണം. | പൂർത്തീകരിച്ചു. |
| 4. | വെങ്ങളം കുടിവെള്ള സംവിധാനം. | പൂർത്തീകരിച്ചു. |

## 2) ഹാംലെറ്റ് പദ്ധതി 2014-15.

### I. കോട്ടയംതട്ട് കോളനി

| ക്രമ നം. | പദ്ധതി | റിമാർക്സ് |
|---|---|---|
| 1. | കൃഷി | കൊക്കോ, ജാതി, കശുവണ്ടി, കുരുമുളക് തൈ വിതരണം – പദ്ധതി പൂർത്തീയാക്കി. |
| 2. | മൃഗസംരക്ഷണം | ആട്, പശു വിതരണം പൂർത്തിയായി |
| 3. | റോഡ് നിർമ്മാണം | പൂർത്തീകരിച്ചു. |
| 4. | കക്കൂസ് നിർമ്മാണം | പൂർത്തീകരിച്ചു. |
| 5. | തെരുവ് വിളക്ക് സ്ഥാപിക്കൽ | പൂർത്തീകരിച്ചു. |
| 6. | കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം | നിർമ്മാണം പൂർത്തിയാക്കി. |
| 7. | കുടിവെള്ള പദ്ധതി | നിർമ്മിച്ച ജലസംഭരണിയിൽ വെള്ളം എത്തിക്കുന്നതിനുള്ള മോട്ടോർ, പമ്പ്, കറന്റ് കണക്ഷൻ എന്നിവ കൂടി പൂർത്തിയാക്കാനുണ്ട്. |
| 8. | ഫർണ്ണിച്ചർ,ടി.വി മുതലായവ വാങ്ങൽ | പദ്ധതി പൂർത്തിയാക്കിയിട്ടില്ല. |

### II. വളയഞ്ചാൽ കോളനി:- പദ്ധതി തുക- 1കോടി രൂപ, ഏജൻസി-കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്

| ക്രമ നം. | പദ്ധതി | റിമാർക്സ് |
|---|---|---|
| 1. | ഓട്ടോറിക്ഷാ വിതരണം | പൂർത്തീകരിച്ചു. |
| 2. | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | പൂർത്തീകരിച്ചു. |
| 3. | അംഗൻവാടി നിർമ്മാണം | പൂർത്തീകരിച്ചു. |
| 4. | വീടുകളുടെ അറ്റകുറ്റപ്പണി | പൂർത്തീകരിച്ചു. |
| 5. | ശ്മശാനത്തിന് ചുറ്റുമതിൽ നിർമ്മാണം | പൂർത്തീകരിച്ചു. |
| 6. | കോളനി ചുറ്റുമതിൽ നിർമ്മാണം | പൂർത്തീകരിച്ചു. |
| 7. | ടൈലറിംഗ് യൂണിറ്റ് | തയ്യൽ മെഷീൻ വിതരണം ചെയ്തു. |
| 8. | കുടിവെള്ള പദ്ധതി | പൂർത്തീകരിച്ചു. |
| 9. | കക്കൂസ് നിർമ്മാണം | പൂർത്തീകരിച്ചു. |
| 10 | ടി.വി ഫർണിച്ചർ മുതലായവ വാങ്ങൽ | പൂർത്തീകരിച്ചു. |

### III. ചെക്യേരി കോളനി:- പദ്ധതി തുക- 1 കോടി രൂപ, ഏജൻസി- കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ്.

| ക്രമ നം. | പദ്ധതി | റിമാർക്സ് |
|---|---|---|
| 1. | ഓട്ടോറിക്ഷാ വിതരണം & Training in Auto driving | പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. |
| 2. | കമ്മ്യൂണിറ്റിഹാൾ നിർമ്മാണം | നിർമ്മാണം പൂർത്തിയായി. |

| | | |
|---|---|---|
| 3. | റോഡ് നിർമ്മാണം(ചെക്യേരി- ഐരാണിക്കുണ്ട് റോഡ്)(ഒന്നാം ഭാഗം) 94(രണ്ടാം ഭാഗം) | പൂർത്തീകരിച്ചു. |
| 4. | ചെക്യേരി -അമ്പലപ്പറമ്പ് റോഡ് നിർമ്മാണം | പൂർത്തീകരിച്ചു. |
| 5. | ടൈലറിംഗ് യൂണിറ്റ് | പൂർത്തീകരിച്ചു. |
| 6. | കമ്പ്യൂട്ടർ പരിശീലനം | എൽ.ബി.എസ്.മുഖേന പരിശീലനം നൽകി സർട്ടിഫിക്കറ്റ് വിതരണം ചെയ്തു. |
| 7. | തെരുവ് വിളക്ക് സ്ഥാപിക്കൽ | ആവശ്യമായ തുക കെ.എസ.ഇ.ബിയിൽ അടച്ചു. |
| 8. | ചെക്യേരി- കുട്ടിയടുപ്പ് റോഡ് നിർമ്മാണം | Work E- tendered |
| 9. | സാംസ്കാരിക നിലയത്തിന് ടി.വി. എൽ.ഇ.ഡി.മുതലായവ വാങ്ങൽ | Electrical work completed. ടി.വി. മുതലായ സൗകര്യങ്ങൾ അടിയന്തിരമായി ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ